**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4267 19/10/2011-ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ.വി.പി. സജീന്ദ്രൻ :<br>ശ്രീ.ഷാഫി പറമ്പിൽ : | ശ്രീ. ഷിബുബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണത്തിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 10 ഇ.എസ്.ഐ സ്ഥാപനങ്ങളുടെ നവീകരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 20 കിടക്കകളുള്ള ഒരു ആയുർവേദ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ ഡയമണ്ട് ജൂബിലിയുടെ ഭാഗമായി എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികൾക്കും അവിടത്തെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന 32 ഇനം ഉപകരണങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്കും ഇൻഡ്യയിലെ ഏതു ഡിസ്പെൻസറികളിൽ നിന്നും ചികിത്സ നേടുന്നതിന് സഹായകമാകുന്ന 'പഹചാൻ കാർഡ്" നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ സൌജന്യമായി സ്വകാര്യ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനായി സ്വകാര്യ |

ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

(ബി) ആശുപത്രികളുടെ നവീകരണത്തിന് കേന്ദ്ര ഫണ്ട് ലഭ്യമാണോ ;

(ബി) ലഭ്യമല്ല.

(സി) നവീകരണത്തിന് സംസ്ഥാന-കേന്ദ്ര മേഖലകളിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സാമൂഹ്യ പ്രതിബദ്ധത പ്രയോജനപ്പെടുത്തുമോ ?

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ